(രജിസ്റ്റർ ചെയ്ത് കൈപ്പറ്റുചീട്ട് സഹിതം)

നം.കെ.എസ്.എ.ഐഡി.കെ-
12/1159/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി ജില്ല, തൊടുപുഴ

Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി. 17.08.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

സർ

വിഷയം : ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>പകർപ്പ്</u> :

1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഐഡി.കെ-
12/1159/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി ജില്ല, തൊടുപുഴ

Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി. 17.08.2017

## ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം **-** വകുപ്പ് **215(4), 1994**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13,**
**1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

*******************************

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.09.2016 മുതൽ 04.08.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.08.2017 മുതൽ 11.08.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം. കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജിബി ഇ. വി. | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. എബി അബ്രാഹം | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജോമോൻ ഫ്രാൻസീസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ശശികല മുരുകേശൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി. പി. ഇന്ദിര | 01.04.2016 മുതൽ 31.03.2017 വരെ |
| അസി. സെക്രട്ടറി | ശ്രീ. വിനു മാത്യു | 01.04.2016 മുതൽ 18.08.2016 വരെ |
| | ചാർജ് നൽകിയിട്ടില്ല | 19.08.2016 മുതൽ 22.01.2017 വരെ |
| | ശ്രീ. പോൾ ബേബി സാമുവേൽ | 23.01.2017 മുതൽ 06.02.2017 വരെ |

| | | |
|---|---|---|
| | ചാർജ് നൽകിയിട്ടില്ല | 07.02.2017 മുതൽ 14.03.2017 വരെ |
| | ശ്രീ. സുരേഷ് കുമാർ വി. വി. | 15.03.2017 മുതൽ 31.03.2017 വരെ |

മറ്റ് നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| അസി. എഞ്ചിനിയർ | ശ്രീ. സിയാദ് എ. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജേക്കബ് മാത്യു | 01.04.2016 മുതൽ 28.09.2016 വരെ |
| | ഡോ. മോൻസി ബാബുജി | 29.09.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഷാജി ഇ. കെ. | 01.04.2016 മുതൽ 21.08.2016 വരെ |
| | ശ്രീമതി. കുസുമം കെ. | 22.08.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ ഗവ. എൽ.പി.സ്കൂൾ | ശ്രീ. എസ്. മുരുകേശൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീമതി. രജിമോൾ ആർ. | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഷൈലജ വി. കെ. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ. റൂബി മാമൻ | 01.04.2016 മുതൽ 31.10.2016 വരെ |
| | ഡോ. ബിജു ഫിലിപ്പ് | 01.11.2016 മുതൽ 19.02.2017 വരെ |
| | ഡോ. ആൽബർട്ട് ജെ. തോമസ് | 20.02.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. ദിൻഷ എം. | 01.04.2016 മുതൽ 09.02.2017 |

| | | |
|---|---|---|
| | | വരെ |
| | ഡോ. അജ്ഞ എസ്. | 10.02.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. ശ്രീജിത്ത് ശിവൻ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 – പൊതുഅവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക ധനകാര്യപത്രിക സംബന്ധിച്ച അപാകതകൾ | 1-12 | |

| | | | |
|---|---|---|---|
| | ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | വസ്തുനികുതി ഡിമാന്റിലെ കുറവ് മൂലം വൻ വരുമാന നഷ്ടം | 2-1 | |
| 14 | സഞ്ചയ, സാംഖ്യ, ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളിലെ വ്യത്യാസം | 2-2 | |
| 15 | തൊഴിൽ നികുതി ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല | 2-3 | |
| | ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും - എന്ന പദ്ധതിയ്ക്കായി സർക്കാർ നിർദ്ദേശം പാലിക്കാതെ അധിക തുക ചെലവഴിച്ചിരിക്കുന്നു | 3-1 | |
| 17 | പദ്ധതി ആസൂത്രണത്തിലെ അപാകത - പദ്ധതി പണം പാഴാവുന്നു | 3-2 | |
| 18 | ഹോമിയോ ആശുപത്രിക്ക് മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയിട്ടില്ല | 3-3 | |
| 19 | സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ (ഷീപാഡ്) വിതരണം - തുക ഒടുക്കിയിട്ടും പദ്ധതി നടപ്പാക്കിയിട്ടില്ല | 3-4 | |
| | ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 23 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 25 | ഓഡിറ്റ് റിക്കവറി | 4-6 | |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |

| | | | |
|---|---|---|---|
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 29 | അനുബന്ധം | | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 | |

*****************************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 തീയതിയിലെ നമ്പർ 1 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 27.05.2016ലെ നമ്പർ 1 തീരുമാന പ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ₹19,98,68,815/-ഉം ചെലവ് ₹19,26,43,300/-ഉം നീക്കിയിരിപ്പ് ₹72,25,515/-ഉം ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 08.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം - 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹52,20,155 |

| | |
|---|---|
| വരവ് | ₹7,64,54,420 |
| ആകെ | ₹8,16,74,575 |
| ചെലവ് | ₹7,27,42,318 |
| നീക്കിയിരിപ്പ് | ₹89,32,257 |

# 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

(എ) പദ്ധതി അവലോകനം

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | മുന്നിരിപ്പ് | അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ്/ സഞ്ചിത നിധിയിലേയ്ക്ക് തിരികെ പോയ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം (Additional Allotment) | (+)4080569 16871000 | 0 | 20951569 | 16343489 | 4608080 | 78.00 |
| വികസനഫണ്ട് എസ്.സി.പി. | 4887000 | 0 | 4886592 | 1518060 | 3368532 | 31.06 |
| വികസനഫണ്ട് ടി.എസ്.പി. | 1699000 | 0 | 1698771 | 246300 | 1452471 | 14.50 |
| സംരക്ഷണഗ്രാന്റ് റോഡ് | 13325000 | 0 | 13325463 | 10835892 | 2489571 | 81.32 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5383000 | 0 | 5382603 | 5237060 | 145543 | 97.30 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Additional Allotment) | (+)1242711 9471000 | 0 | 10713711 | 10705453 | 8258 | 99.92 |
| ലോക ബാങ്ക് (State) | - | 0 | 1617234 | 0 | 1617234 | 0 |
| ലോക ബാങ്ക് (Central) | - | 0 | 4550640 | 4068181 | 482459 | 89.40 |
| ബി-ഫണ്ട് | ഇല്ല | 0 | 14516320 | 14516320 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ജി.എസ്. | ഇല്ല | 4715 | 50006147 | 49779112 | 231750 | 99.54 |

(ബി) നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണം | ആകെ പദ്ധതികൾ | പൂർണ്ണമായും നടപ്പാക്കിയവ | നടപ്പാക്കാത്തവ | ആകെ അടങ്കൽ ₹ | ചെലവഴിച്ച തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 3 | 2 | 45,29,860 | 20,45,277 | 45.15 |
| വെറ്ററിനറി സർജൻ | 5 | 4 | 1 | 12,56,000 | 4,13,464 | 32.91 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 0 | 8,30,520 | 830520 | 100 |
| ഹോമിയോ | 3 | 3 | 0 | 80,000 | 78,000 | 97.5 |
| ആയുർവേദം | 2 | 2 | 0 | 3,80,000 | 3,80,000 | 100 |
| വി.ഇ.ഒ. | 6 | 3 | 3 | 1,53,07,800 | 1,20,48,800 | 78.71 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 0 | 42,78,000 | 31,90,985 | 74.6 |
| സെക്രട്ടറി | 14 | 11 | 3 | 76,37,758 | 38,46,122 | 50.35 |
| ഹെഡ്മാസ്റ്റർ | 7 | 7 | 0 | 13,10,303 | 9,72,668 | 74.23 |
| അസി.എഞ്ചിനീയർ | 133 | 70 | 63 | 4,44,50,414 | 2,54,87,039 | 57.34 |
| അസി. സെക്രട്ടറി | 15 | 10 | 5 | 73,29,000 | 17,49,425 | 23.86 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത്(എണ്ണം) | അടങ്കൽ ₹ | (എണ്ണം) | ചെലവ് ₹ | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 8,73,89,655 | 121 | 5,10,42,300 | 0 | 77 | 61.11 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

– ഇല്ല –

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 20,64,063 | 32,80,326 | (+)12,16,263 | (+)58.92 |
| നികുതിയേതര വരവുകൾ | 1,81,712 | 12,67,595 | (+)10,85,883 | (+)597.58 |
| മറ്റു വരവുകൾ | 7,85,154 | 62,551 | (-)7,22,603 | 92.03 |
| ആകെ | 30,30,929 | 46,10,472 | (+)15,79,543 | (+)52.11 |

തനത് വരുമാനത്തിൽ സ്ഥാപനത്തിന് 52.11% ന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 960 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 16,400 | 2 |
| വിധവാപെൻഷൻ | 34,93,400 | 381 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 1,00,84,680 | 920 |
| വികലാംഗപെൻഷൻ | 8,61,150 | 89 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 59,730 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2,256/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ വരവിന്റെ പുരോഗതി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയിതിട്ടില്ല. 2016-17 വർഷത്തെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ, നികുതികൾ, ഫീസുകൾ മറ്റ് ധന സ്രോതസുകൾ എന്നിവ കണ്ടെത്താൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും നിർദേശങ്ങളും കണ്ടെത്തി ജനറൽ കമ്മറ്റിക്ക് നൽകേണ്ടതാണ്.

മറ്റ് അപാകതകൾ

രജിസ്റ്ററുകളുടെയും ഫയലുകൾ എന്നിവ സൂക്ഷിക്കുന്നത് തൃപ്തികരമായാണ്. എന്നാൽ ഓഫീസ് ഓർഡർ ബുക്ക്, ചാർജ് ഹാൻഡ് ഓവർ രജിസ്റ്റർ എന്നിവ യഥാവിധി സൂക്ഷിച്ചിട്ടില്ല. ഉദാഹരണമായി അസ്സിസ്റ്റന്റ് സെക്രട്ടറിക്ക് സ്ഥലം മാറ്റം ഉണ്ടായപ്പോൾ ചാർജ് ഹാൻഡ് ഓവർ ചെയ്തിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ നടപ്പിലാക്കിയെങ്കിലും ബേസ് ഡാറ്റാ എൻട്രി നടത്തിയതിൽ ഗുരുതരമായ അപാകതകളുണ്ടായിട്ടുണ്ട്. ഡാറ്റാ എൻട്രിയിലുണ്ടായിട്ടുള്ള

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.06.2017 | മെയ് 2017 | 25.07.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.12.2016 മുതൽ 23.12.2016 വരെ | 2011-12 മുതൽ 2015-16 വരെ | 20.01.2017 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല

2. ഇ.എം.എസ്. ഭവന പദ്ധതി പ്രകാരമുള്ള ലോണുകളുടെ നീക്കിയിരിപ്പ് തിരിച്ചടവ് എന്നിവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ ജവഹർ ഭവന പദ്ധതി പ്രകാരമുള്ള ലോണിന്റെ വിശദാംശംങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വസ്തുനികുതി സോഫ്റ്റ് വെയർ - സഞ്ചയ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4. മുൻകൂർ ലഭിച്ച വസ്തുനികുതി വാർഷിക കണക്കിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

5. ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫഷൻ ടാക്സ് ഇനത്തിൽ ₹5,16,076/- കുടിശ്ശികയുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ബി-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത വ്യക്തമല്ല. കൂടാതെ 21.11.2016 മുതൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

7. ഡി.&ഒ. ട്രേഡ് ലൈസൻസ്, തൊഴിൽ നികുതി എന്നിവ വാർഷിക കണക്കുകളുമായി

പൊരുത്തപ്പെടുന്നില്ല.

8. ഐ-18 ഷെഡ്യൂൾ പ്രകാരം റസിഡൻഷ്യൽ ബിൽഡിംഗുകളുടെ വസ്തു നികുതി ഇനത്തിൽ ₹66,038/- കുറവ് ചെയ്തിരിക്കുന്നു. എന്നാൽ ആയതിന്റെ വിശദാംശംങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

9. ടെണ്ടർ ഫോം രജിസ്റ്റർ ഹാജരാക്കത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

*****************

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഡിമാന്റിലെ കുറവ് മൂലം വൻ വരുമാന നഷ്ടം

വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി 2013-14 സാമ്പത്തിക വർഷം മുതൽ സഞ്ചയ സോഫ്റ്റ് വെയറിൽ നടത്തിയിരിക്കുന്ന ഡേറ്റ എൻട്രിയിൽ ചില നികുതിദായകർ പൂരിപ്പിച്ച് നൽകിയ ഫോം 6-ലെ വിവരങ്ങളല്ല സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നികുതി നിരക്കും തറ വിസ്തീർണ്ണവും ഫോം 6ൽ നിന്നും വ്യത്യസ്തപ്പെടുത്തി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ യഥാർത്ഥ വസ്തുനികുതി ഡിമാന്റിൽ കുറവ് വന്നിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. 4-ാം വാർഡിൽ 38-ാം നമ്പർ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് ഫോം 6ൽ തറവിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്നത് 223.4 ച.മീ. ആണ്. എന്നാൽ സോഫ്റ്റ് വെയറിൽ 92.15 ച.മീ. ആണ് എൻട്രി വരുത്തിയിരിക്കുന്നത്. 2013-14 മുതൽ ബാക്കിയുള്ള 131.24 ച.മീ.-ന്റെ നികുതി പഞ്ചായത്തിന് ലഭിക്കുന്നില്ല.
2. 4-ാം വാർഡിൽ 40 -ാം നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഫോം 6ൽ തറവിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്നത് 39.44ച.മീ. ആണ്. എന്നാൽ സോഫ്റ്റ് വെയറിൽ 35.44ച.മീ. ആണ് എൻട്രി വരുത്തിയിരിക്കുന്നത്. 2013-14 മുതൽ ബാക്കിയുള്ള 5 ച.മീ.-ന്റെ നികുതി പഞ്ചായത്തിന് ലഭിക്കുന്നില്ല.
3. 4-ാം വാർഡിൽ 125 -ാം നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഫോം 6ൽ തറവിസ്തീർണ്ണം

രേഖപ്പെടുത്തിയിരിക്കുന്നത് 251.7ച.മീ. ആണ്. എന്നാൽ സോഫ്റ്റ് വെയറിൽ ₹50/-യാണ് നിരക്ക് എൻട്രി വരുത്തിയിരിക്കുന്നത്. 100 ച.മീ. മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ₹70/- യാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക്. 2013-14 മുതൽ ₹70/- നിരക്കിലുള്ള നികുതി പഞ്ചായത്തിന് ലഭിക്കുന്നില്ല.

4. 4-ാംവാർഡിൽ 132-ാം നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഫോം 6 ൽ തറവിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്നത് 117.28 ച.മീ. ആണ്. എന്നാൽ സോഫ്റ്റ് വെയറിൽ 50/-യാണ് നിരക്ക് എൻട്രി വരുത്തിയിരിക്കുന്നത്. 100 ച.മീ. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ₹70/-യാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക്. 2013-14 മുതൽ ₹70/- നിരക്കിലുള്ള നികുതി പഞ്ചായത്തിന് ലഭിക്കുന്നില്ല.

5) 13-ാം വാർഡിൽ 50 A മുതൽ 50 H വരെയുള്ള സിംഗിൾ ഓണർഷിപ്പ് കെട്ടിടത്തിന് സോഫ്റ്റ് വെയറിൽ ₹50/-യാണ് നിരക്ക് എൻട്രി വരുത്തിയിരിക്കുന്നത്. 249.98 ച.മീ. ആണ് കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. സോഫ്റ്റ് വെയറിൽ ₹50/-യാണ് നിരക്ക് എൻട്രി വരുത്തിയിരിക്കുന്നത്. 100 ച.മീ. മുകളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ₹70/-യാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക്. എന്നാൽ ₹70/- നിരക്കിലുള്ള നികുതി പഞ്ചായത്തിന് ലഭിക്കുന്നില്ല.

14.01.2011 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയം നടത്തി കുടിശ്ശിക നികുതി ഈടാക്കിയിട്ടില്ല. സോഫ്റ്റ് വെയറിൽ തറവിസ്തീർണ്ണവും നികുതി നിരക്കും 2013-14 മുതൽ വ്യത്യസ്തപ്പെടുത്തി രേഖപ്പെടുത്തിയിരിക്കുന്നതു മൂലം വർഷങ്ങളായി പഞ്ചായത്തിന് ലഭിക്കേണ്ട യഥാർത്ഥ നികുതി ലഭിക്കുന്നില്ല. പഞ്ചായത്തിലെ 14 വാർഡുകളിലെയും ഫോം 6ൽ നൽകിയിരിക്കുന്ന വിവരങ്ങൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നതുമായി ഒത്തുനോക്കി പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2 സഞ്ചയ-സാംഖ്യ ഇൻറഗ്രേഷൻ അപാകതകൾ

വസ്തുനികുതിയിൽ സഞ്ചയ/സാംഖ്യ പ്രകാരമുള്ള തുകകളിൽ ഗണ്യമായ വ്യത്യാസം കാണുന്നു. കളക്ഷൻ തുകയിൽ സാംഖ്യയിൽ ഉള്ളതിനേക്കാൾ ₹30,164/- കൂടുതൽ തുക സഞ്ചയയിൽ

ഉൾപ്പെട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ ലഭിച്ച വരവിനേക്കാൾ കൂടിയ തുക വരവായി സഞ്ചയയിൽ കാണിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സഞ്ചയ/സാംഖ്യ തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഡിമാന്റ് | സഞ്ചയ | ₹70,93,208 |
| | സാംഖ്യ | ₹69,82,417 |
| | വ്യത്യാസം | ₹1,10,791 |
| കളക്ഷൻ | സഞ്ചയ | ₹24,15,355 |
| | സാംഖ്യ | ₹23,85,191 |
| | വ്യത്യാസം | ₹30,164 |
| ബാലൻസ് | സഞ്ചയ | ₹48,76,581 |
| | സാംഖ്യ | ₹45,32,286 |
| | വ്യത്യാസം | ₹3,44,295 |

## 2-3 തൊഴിൽനികുതി ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഏതെങ്കിലും സ്ഥാപനങ്ങളോ, വ്യക്തികളോ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവായിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുകയില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 205-ാം വകുപ്പിലും ബന്ധപ്പെട്ട ഉപവകുപ്പുകളിലും അനുശാസിക്കും പ്രകാരം തൊഴിൽ നികുതി ഈടാക്കുവാൻ ബാദ്ധ്യസ്ഥരായവരുടെയും സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കേണ്ടതും രജിസ്റ്റർ സൂക്ഷിക്കേണ്ടതും അപ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

********************

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും - എന്ന പദ്ധതിയ്ക്കായി സർക്കാർ നിർദ്ദേശം പാലിക്കാതെ അധിക തുക ചെലവഴിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് | S0141/17, പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും - വനിത |
| അടങ്കൽ ₹11,35,260/- | ₹7,02,940/- (വികസന ഫണ്ട്)<br>₹4,31,685/- (ഗുണഭോക്തൃ വിഹിതം)<br>₹635/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ നം./തീയതി | 3/16-17/29.03.2017 ₹1,42,422/-<br>5/16-17/29.03.2017 ₹25,895/-<br>ആകെ ₹1,68,317/- |

മേൽ പദ്ധതി പ്രകാരം ഗ്രോബാഗ്, തൈവിതരണം, ജൈവവളം, ജൈവ കീടനാശിനി എന്നിവ നൽകുന്നതിന് വിഭാവനം ചെയ്തിരുന്നു. ഇതിൻ പ്രകാരം ഓരോ ഗുണഭോക്താവിനും 37 ഗ്രോ ബാഗ്, 19 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക്, 500 മി.ഗ്രാം ട്രൈക്കോഡർമ, 250 മി.ഗ്രാം സ്യൂഡോമോണസ് എന്നിവ വീതം 234 ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.01.2016ലെ സ.ഉ.(എം.എസ്.)4/2016 നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ സ്ഥല വിസ്തൃതി കണക്കിലെടുത്ത് ഒരു കുടുംബത്തിന് പരമാവധി 25 ഗ്രോബാഗ് വരെ നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഇവിടെ ആകെ 234 ഗുണഭോക്താക്കൾക്കായി ഓരോ ഗുണഭോക്താവിനും 37 ഗ്രോബാഗ് വീതമാണ് നൽകിയിരിക്കുന്നത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഒരു ഗുണഭോക്താവിന് 12 ഗ്രോബാഗ് വീതം അധികമായി നൽകിയിരിക്കുന്നു. ആകെ 234 ഗുണഭോക്താക്കൾക്കായി 2808 (234x12) ഗ്രോബാഗുകൾ ₹10.60/- നിരക്കിൽ നൽകിയത് മൂലം ₹29,765/- അധിക ചെലവ് ഉണ്ടായിരിക്കുന്നു. സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതിക്കായി അധികം ചെലവഴിച്ച ₹29,765/- ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 പദ്ധതി ആസൂത്രണത്തിലെ അപാകത - പദ്ധതി പണം പാഴാവുന്നു

കാർഷിക മേഖലയായ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയ്ക്കായി വിഭാവനം ചെയ്യുന്ന പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിൽ വീഴ്ച വരുന്നു. പദ്ധതികൾ വിഭാവനം

ചെയ്യുമ്പോൾ അവ നിർവ്വഹണ യോഗ്യമാണെന്ന് ഉറപ്പാക്കാതെ ഏറ്റെടുക്കുന്നത് മൂലം പല പദ്ധതികളും നാമമാത്രമായിട്ടാണ് നിർവ്വഹിക്കപ്പെടുന്നത്. കൃഷി, മൃഗസംരക്ഷണ പദ്ധതികൾക്കായി 2016-17 വർഷം ₹57,85,860/-യുടെ അടങ്കൽ തുകയുള്ള പദ്ധതികൾ ഏറ്റെടുത്തെങ്കിലും ഇതിൽ ₹24,58,741/-യാണ് ചെലവഴിച്ചിട്ടുള്ളത്. 42% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. വലിയ തുക വകയിരുത്തിയ പദ്ധതികളിൽ നാമമാത്രമായ ചെലവ് വന്നിട്ടുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക ചെലവ് ₹ | ചെലവ് ₹ |
|---|---|---|---|---|
| 1 | ഫലവൃക്ഷത്തൈ വിതരണം | കൃഷി ഓഫീസർ | 4,36,800 | 7,523 |
| 2 | കാലികൾക്ക് ധാതുലവണങ്ങൾ വിരമരുന്ന് വിതരണം | വെറ്ററിനറി സർജൻ | 1,00,000 | 572 |
| 3 | മുട്ടക്കോഴി വിതരണം | വെറ്ററിനറി സർജൻ | 10,00,000 | 2,62,892 |

പദ്ധതി ഏറ്റെടുക്കുമ്പോൾ അവ നിർവ്വഹണ യോഗ്യമാണോ എന്നുകൂടി വിലയിരുത്തി തുടർ വർഷങ്ങളിൽ പദ്ധതി ആസൂത്രണം നടത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഹോമിയോ ആശുപത്രിക്ക് മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 56/17, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | ₹50,000/- (വികസന ഫണ്ട്) |
| ചെലവ് | ബിൽ നം. 2/16-17 തീയതി. 23.12.2017 തുക : ₹50,000/- |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രാകാരം 2016-17 വർഷം മേൽ സൂചിത ബിൽ പ്രകാരം ₹50,000/- ആലപ്പുഴയിലുള്ള കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ (ഷീപാഡ്) വിതരണം - തുക ഒടുക്കിയിട്ടും പദ്ധതി നടപ്പാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 132/17- സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ വിതരണം (ഷീപാഡ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എച്ച്.എം. എൽ.പി.എസ്., ഉടുമ്പൻചോല |
| അടങ്കൽ | ₹4,22,700/- (വികസന ഫണ്ട്) |
| ചെലവ് | ബിൽ നം. 2/16-17 തീയതി. 23.12.2016 ₹1,53,965/- |

ഉടുമ്പൻചോല ഗവ: ഹൈസ്കൂൾ, പാറത്തോട് ഗവ: ഹൈസ്കൂൾ, സെന്റ് സേവേഴ്സ് ഹൈസ്കൂൾ & ഹയർ സെക്കന്ററി, ചെമ്മണ്ണാർ എന്നീ സ്കൂളുകളിൽ പഠിക്കുന്ന 600 പെൺകുട്ടികൾക്ക് വനിത വികസന കോർപ്പറേഷനിൽ നിന്നും സാനിട്ടറി നാപ്കിൻ വാങ്ങി വിതരണം നടത്തുന്നതിനും സ്കൂളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനും സാനിട്ടറി നാപ്കിൻ സൂക്ഷിക്കുന്നതിന് അലമാര വാങ്ങുന്നതിനും തുക വകയിരുത്തിയ പദ്ധതിയിൽ മുകളിൽ സൂചിപ്പിച്ച ബിൽ പ്രകാരം പദ്ധതിയുടെ 50% തുകയായ ₹1,53,965/- സംസ്ഥാന വനിത വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്.

പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് (₹) | തുക (₹) |
|---|---|---|---|---|
| 1 | സാനിട്ടറി നാപ്കിൻ (8 എണ്ണം അടങ്ങിയ പാക്കറ്റ്) | 3774 പാക്കറ്റ് | 33.50 | 1,26,429 |
| 2 | ഇൻസിനറേറ്റർ (ഇൻസ്റ്റലേഷൻ ചാർജ് | 3 | 40500 | 1,21,500 |

| | | | | |
|---|---|---|---|---|
| | ഉൾപ്പെടെ) | | | |
| 3 | അലമാര | 3 | 20000 | 60,000 |
| | ആകെ | | | 3,07,929 |

സ്ഥാപനം ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ ആകെ ചെലവിന്റെ 50% തുക മുൻകൂറായി നൽകണമെന്നും തുക നൽകിയാൽ 3 മാസത്തിനുള്ളിൽ സാധനങ്ങൾ സപ്ലൈ ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലാവധി കഴിഞ്ഞിട്ടും പദ്ധതി പ്രകാരമുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിന് യാതൊരു നടപടിയും സ്ഥാപനം നാളിതുവരെ നടത്തിയിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**********************

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2016 | 25000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 25000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല –

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ നം. | തുക ₹ | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം | പഞ്ചായത്ത് ഓഫീസ് | 30/2016-17 | 8,00,000 | ഫൈനൽ ബില്ലിൽ നിന്ന് | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | കെട്ടിട നിർമ്മാണം | | | തുക തിരികെ ഈടാക്കിയിട്ടിണ്ട് | |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻ വർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | ജി.ഒ.(ആർ.റ്റി)229/10/ എൽ.എസ്.ജി.ഡി തീയതി. 21.1.2010 | 1,85,85,000 | 31,72,000 | 0 | 31,72,000 |
| ജവഹർ ഭവന പദ്ധതി | ഡി.ബി.1/15 എൽ.എസ്.ജി.ഡി തീയതി. 11.11.15 | 1,08,00,000 | 82,96,059 | 15,58,210 | 67,37,849 |

ജവഹർ ഭവന പദ്ധതി പ്രകാരമുള്ള ലോണിന്റെ വിശദാംശംങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | റിപ്പോർട്ട് വർഷം | | | |
|---|---|---|---|---|---|
| 2003-04 | 3-5 | 2006-07 | 3.35.1 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | |
| 2002-03 | 2-2 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | |
| 2004-05 | 3-7 | 2008-06 | 37.2 | ആശ്രയ ഭവന പദ്ധതി രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല | |
| 2006-07 | 3-4 | 2010-11 | 2.14 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | |
| - | - | 2012-13 | 3-6 | ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് | |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹7,64,54,420/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹7,27,42,318/- |
| വരവിനങ്ങളിലുള്ള നഷ്ടം | - ഇല്ല - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹29,765/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1,53,965/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | - | ₹29,765/- | ശ്രീമതി. കുസുമം കെ., കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | ₹1,53,965/- | ശ്രീ. എസ്. മുരുകേശൻ<br>ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. കുസുമം കെ. | കൃഷി ഓഫീസർ<br>ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | വടക്കേതിൽ ഹൗസ്, രാജാക്കാട് പി.ഒ.<br>രാജാക്കാട്, ഇടുക്കി ജില്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|

| | | |
|---|---|---|
| 1972-73 | എൽ.എഫ്.ഐ-5/62/88/10.02.88 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളിലെ തടസ്സങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് |
| 1975-76 | എൽ.എഫ്.ഐ-5/62/88/10.02.88 | |
| 1976-77 | എൽ.എഫ്.ഐ-5/62/88/10.02.88 | |
| 1978-79 | എൽ.എഫ്.ഐ-5/62/88/10.02.88 | |
| 1978-79 | എൽ.എഫ്.ഐ-5/62/88/10.02.88 | |
| 1979-80 | എൽ.എഫ്.ഐ-5/62/88/10.02.88 | |
| 1980-81 | എൽ.എഫ്.ഐ-5/62/88/10.02.88 | |
| 1981-82 | എൽ.എഫ്.ഐ-5/62/88/10.02.88 | |
| 1982-83 | എൽ.എഫ്.ഐ-5/47/85/14.11.86 | |
| 1982-83 | എൽ.എഫ്.ഐ-5/47/85/14.11.86 | |
| 1983-84 | എൽ.എഫ്.ഐ-5/515/87/08.06.87 | |
| 1984-85 | എൽ.എഫ്.ഐ-5/605/88/12.10.88 | |
| 1985-86 | എൽ.എഫ്.ഐ-5/241/90/28.02.90 | |
| 1986-87 | എൽ.എഫ്.ഐ-5/1148/90/19.04.91 | |
| 1987-88 | എൽ.എഫ്.ഐ-5/360/90/19.04.91 | |
| 1988-89 | എൽ.എഫ്.ഐ-5/328/93/18.07.93 | |
| 1989-90 | എൽ.എഫ്.ഐ-5/328/93/18.07.93 | |
| 1990-91 | എൽ.എഫ്.ഐ-5/271/94/18.07.94 | |
| 1991-92 & 1992-93 | എൽ.എഫ്.ഐ-5/291/95/02.01.96 | |
| 1993-94 മുതൽ 1995-96 വരെ | എൽ.എഫ്.ഐ-8/160/98/30.01.99 | |

| | | |
|---|---|---|
| 1996-97 | എൽ.എഫ്.ഐ-8/305/98/30.12.98 | |
| 1997-98 | എൽ.എഫ്.ഐ-8/151/99/27.09.99 | |
| 1998-99 | എൽ.എഫ്.ഐ-8/307/2000/21.10.2000 | |
| 1999-2000 | എൽ.എഫ്.ഐ-8/64/01/09.07.01 | |
| 2000-01 | എൽ.എഫ്.ഐ-8/113/03/06.08.03 | |
| 2001-02 | എൽ.എഫ്.ഐ-8/41/04/27.09.04 | |
| 2002-03 | എൽ.എഫ്.ഐ-10/98/07/08.05.08 | |
| 2003-04 | എൽ.എഫ്.ഐ-10/1072/07/02.01.08 | |
| 2004-05 | എൽ.എഫ്.ഐ-10/1075/07/14.10.08 | |
| 2005-06 | എൽ.എഫ്.ഐ-10/1076/07/30.07.08 | |
| 2006-07 | എൽ.എഫ്.ഐ-10/415/09/10.03.10 | |
| 2007-08 | എൽ.എഫ്.ഐ-12/873/11/14.10.11 | |
| 2008-09 | എൽ.എഫ്.ഐ-12/724/11/21.01.13 | |
| 2009-10 | എൽ.എഫ്.ഐ-12/725/11/22.02.13 | |
| 2010-11 | എൽ.എഫ്.ഐ-12/280/13/17.04.13 | |
| 2011-12 | എൽ.എഫ്.ഐ-12/280/13/17.04.13 | |
| 2012-13 | എൽ.എഫ്.ഐ-12/179/15/11.02.15 | |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ-12/974/2015 | |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-12/621/2016 | |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-12/1362/2016 തീയതി. 07.10.16 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഐഡി.കെ-12/1159/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി ജില്ല, തൊടുപുഴ
Phone No : 04862 227332
*E-mail : doidk.ksad@kerala.gov.in*

തീയതി. 17.08.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ

സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി
ഡയറക്ടർ
ഇടുക്കി

No.KSA/IDK-12/1159/2017

Kerala State Audit Department
District Audit Office
Idukki, Thodupuzha
Phone No : 04862 227332
*E-mail : doidk.ksad@kerala.gov.in*
Dated. 17.08.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Udumbanchola Grama Panchayath in Idukki district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made there under and the guidelines issued by the Comptroller and Auditor General of India for the

purpose of audit of accounts Panchayath Raj Institutions.

In my opinion, the Financial Statements of Udumbanchola Gama Panchayath for the 2016-17 except the observations in my audit report properly presents the picture of income and expenditure.

**DEPUTY DIRECTOR**

**IDUKKI**